സി5/07/2012/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി.12/01/2012.

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ടുമാരുടെ പൊതുസ്ഥലംമാറ്റം - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന :

പൊതുവിദ്യാഭ്യാസവകുപ്പിലെ ജൂനിയർ സൂപ്രണ്ടുമാരുടെ 2012-13 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനു വേണ്ടിയുള്ള അപേക്ഷ ഇതോടൊന്നിച്ചുള്ള അപേക്ഷാ ഫോറത്തിൽ ***15/02/2012-ന് വൈകുന്നേരം 5.00 മണിയ്ക്ക്*** മുൻപായി ഈ ഓഫീസിൽ ലഭിക്കേണ്ടതാണ്. വൈകി ലഭിക്കുന്നതും, അപൂർണവും അവ്യക്തവുമായി പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്നതല്ല. പൊതുസ്ഥലംമാറ്റത്തിനായുള്ള അപേക്ഷകൾ ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

സ്ഥലംമാറ്റം ലഭിക്കാൻ ആഗ്രഹിക്കുന്ന ഓഫീസുകളുടെ പേര് വ്യക്തമായി (പരമാവധി *10 എണ്ണം*) മുൻഗണനാക്രമത്തിൽ ആവശ്യപ്പെടേണ്ടതാണ്/രേഖപ്പെടുത്തേണ്ടതാണ്. ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കുന്ന അപേക്ഷകരുടെ ആദ്യം ലഭിക്കുന്ന അപേക്ഷ മാത്രമാണ് പരിഗണിക്കുക. പൊതുസ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന അർഹിക്കുന്ന ജീവനക്കാർ ആയതിന്റ വ്യക്തമായ കാരണം അപേക്ഷയിൽ കാണിച്ചിരിക്കണം. അപേക്ഷയിൽ പറഞ്ഞിട്ടുള്ള ഓപ്ഷനുകൾ മാറ്റാൻ അനുവദിക്കുന്നതല്ല. എന്നാൽ ഹയർ ഓപ്ഷൻ രേഖാമൂലം ക്യാൻസൽ ചെയ്യാവുന്നതാണ്. സർവ്വീസിൽ നിന്നും വിരമിക്കാൻ ഒരു വർഷം മാത്രം ശേഷിക്കുന്നവർ ആ വിവരം അപേക്ഷയുടെ മുകളിലായി ചുവന്ന മഷിയിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. ജോയിന്റ് കമ്മീഷണർ, പരീക്ഷാഭവൻ
3. ടെക്സ്റ്റ്ബുക്ക് ഓഫീസർ, തിരുവനന്തപുരം.

# Application for general transfer of Junior Superintendents 2012-13

1. Name & Contact No.
2. Designation
3. Name of Office
4. Date of Birth :
5. Date of Retirement :
6. Rank No. & year in the seniority list of U.D.Clerk :
7. Native District/Place :
8. Was the posting to the present office on request (give details) :
9. Name of 10 offices to which transfer is required in the order of Preference :
   1.
   2.
   3.
   4.
   5.
   6.
   7.
   8.
   9.
   10.
10. Ground for the request :
11. Whether the applicant is eligible for preferences and if so, give details with documents
12. Signature of the applicant with date
13. Recommendation of the Head of office

# പൊതുസ്ഥലംമാറ്റത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ

1. സർവ്വീസിൽ നിന്നും വിരമിക്കാൻ ഒരു വർഷം മാത്രം ശേഷിക്കുന്ന ജൂനിയർ സൂപ്രണ്ടുമാർക്ക് അവർ ആഗ്രഹിക്കുന്ന/ആവശ്യപ്പെടുന്ന ഓഫീസിലേയ്ക്ക് ഒഴിവിന് വിധേയമായി സ്ഥലംമാറ്റം നൽകുന്നതാണ്.

2. സൂപ്രണ്ടുമാരുടെ പൊതുസ്ഥലംമാറ്റത്തിന് സീനിയോറിറ്റിയും, സർക്കാർ വിജ്ഞാപനപ്രകാരമുള്ള മുൻഗണനയും പരിഗണനാർഹമാണ്.

3. നിലവിലുള്ള യു.ഡി.ക്ലാർക്കുമാരുടെ സീനിയോറിറ്റി റാങ്കാണ് ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റിയായി കണക്കാക്കുന്നത്.

4. ഒരു ജില്ലയിൽ സ്ഥലംമാറ്റം മൂലം ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് ആ ജില്ലയിൽ നിന്നുള്ളവർക്ക് പ്രഥമ പരിഗണന നൽകുന്നതും, ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് മാത്രമേ മറ്റ് ജില്ലകളിൽ ഉള്ളവരെ പരിഗണിക്കുകയുള്ളൂ.

5. ജൂനിയർ സൂപ്രണ്ടുമാരുടെ സ്ഥലംമാറ്റ/സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ നിന്നും (www.education.kerala.gov.in) ഡൗൺലോഡ് ചെയ്ത് പകർപ്പ് സഹിതം പുതിയ ഓഫീസിൽ ജോലിയിൽ പ്രവേശിക്കാവുന്നതാണ്.